പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2618 — 6.12.2018 -ൽ മറുപടിയ്ക്ക്

## കേരള ടൂറിസം റഗുലേറ്ററി അതോറിറ്റി രൂപീകരണം

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|
| | കേരള ടൂറിസം റഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | ടൂറിസം റഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ടൂറിസം മേഖലയിൽ അനഭിലക്ഷണീയമായ പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ നിയമാനുസൃത നടപടി സ്വീകരിക്കാൻ റഗുലേറ്ററി അതോറിറ്റിയെ അധികാരപ്പെടുത്തും. വിനോദ സഞ്ചാരികൾ ഏതെങ്കിലും രീതിയിൽ വഞ്ചിക്കപ്പെട്ടാൽ അത് സംബന്ധിച്ച പരാതിയിന്മേൽ നടപടിയെടുക്കാൻ അതോറിറ്റിയെ ചുമതലപ്പെടുത്തും. കൂടാതെ ഇവ സംബന്ധിച്ച് ഏതെങ്കിലും ആക്ഷേപം ശ്രദ്ധയിൽപ്പെട്ടാൽ പോലും ബന്ധപ്പെട്ട സ്ഥാപനത്തിനെതിരെ സ്വമേധയാ നടപടി സ്വീകരിക്കാനും അതോറിറ്റിക്ക് അധികാരമുണ്ടാകും.<br>2. നിയമാനുസൃതമായ ലൈസൻസില്ലാതെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക.<br>3. കേരള സർക്കാരോ കേന്ദ്ര സർക്കാരോ ടൂറിസം രംഗത്ത് നടപ്പാക്കുന്ന ലൈസൻസ്/ ക്ലാസ്സിഫിക്കേഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നു ഉറപ്പുവരുത്തുക.<br>4. ടൂറിസം രംഗത്തെ നിയമ ലംഘന പ്രവൃത്തികൾ ജുഡീഷ്യൽ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരിക<br>5. ടൂറിസം രംഗത്തെ സേവന ദാതാക്കൾ ഗുണനിലവാരമുള്ള സേവനം നൽകുന്നു എന്നു ഉറപ്പുവരുത്തുക.<br>6. ടൂറിസം രംഗത്തെ സേവനങ്ങൾക്ക് നികുതിയും നിയമവിരുദ്ധ പ്രവൃത്തികൾക്ക് പിഴയും നിശ്ചയിക്കുക.<br>7). ടൂറിസം മേഖലയിൽ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഭരണ/ ധനപരമായ പ്രവൃത്തികൾ നടപ്പാക്കുക. |

സെക്ഷൻ ഓഫീസർ